"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം / നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1081/2026/GAD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. 01/01/2026 തീയതിയിലെ 606/SC1/2025/GA (SC) നം. വിജ്ഞാപനം.
2. 18.02.2026 -ലെ സ.ഉ (സാധാ) നം. 222/2026/LBR.
3. 24.02.2026 -ലെ സ.ഉ (സാധാ) നം. 198/2026/Agri.
4. ബഹു. പൊതുമരാമത്ത് വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള 04/12/2025 ലെ 882/PS/MIN(W&T)/2025 നം. കുറിപ്പ്.
5. ബഹു. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള 05/12/2025 ലെ 4234/2025/PS/M-Fin നം. കുറിപ്പ്.
6. 23/02/2026 ലെ 101132/35/03 നം ഉത്തരവ്.

**ഉത്തരവ്**

**107800-160000 രൂപ ശമ്പളസ്കെയിലിലുള്ള ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / നിയമനം**

ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള 2025 വർഷത്തെ പരാമർശം (1) സപ്ലിമെന്റൽ സെലക്ട് ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയർ ആയ അണ്ടർ സെക്രട്ടറി ശ്രീ. ശിവപ്രസാദ് വി (പെൻ: 104101) — ക്ക്, ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. മനോജ് എസ് - നെ പരാമർശം (2) പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. ശിവപ്രസാദ് വി -യെ, ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ- എ, ബി, കെ, ജെ, എഫ് എന്നീ സെക്ഷനുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

2. ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള 2025 വർഷത്തെ പരാമർശം (1) സപ്ലിമെന്റൽ സെലക്റ്റ് ലിസ്റ്റ് പ്രകാരം തൊട്ടടുത്ത സീനിയറായ അണ്ടർ സെക്രട്ടറിയും ബഹു. പൊതുമരാമത്ത് വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീ. അജിത് ലാൽ ജി കെ (പെൻ : 104054) -ക്ക്, ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. സൂര്യനാരായണൻ എം ഡി - യെ പരാമർശം (3) പ്രകാരം KERAFED -ലെ ഡയറക്ടർ (ഫിനാൻസ്) തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്നും ശ്രീ. അജിത് ലാൽ ജി കെ — യെ ബഹു. പൊതുമരാമത്ത് വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്നു.

3. ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള 2025 വർഷത്തെ പരാമർശം (1) സപ്ലിമെന്റൽ സെലക്റ്റ് ലിസ്റ്റ് പ്രകാരം തൊട്ടടുത്ത സീനിയറായ അണ്ടർ സെക്രട്ടറിയും ബഹു. ധനകാര്യ മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീ. അഭിലാഷ് എസ് (പെൻ : 104044) -ന് , ശ്രീ. അജിത് ലാൽ ജി കെ -യെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനു ശേഷവും അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്ന ഒഴിവിൽ, കേരള സർവ്വീസ് റൂൾസ് -ലെ ചട്ടം 37 Ruling No. 1 -ൽ ഇളവ് വരുത്തിക്കൊണ്ട് ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്നും ശ്രീ. അഭിലാഷ് എസ് —നെ ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്നു.

4. ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള 2025 വർഷത്തെ പരാമർശം (1) സപ്ലിമെന്റൽ സെലക്റ്റ് ലിസ്റ്റ് പ്രകാരം തൊട്ടടുത്ത സീനിയറായ അണ്ടർ സെക്രട്ടറി ശ്രീ. ബി ശശികുമാർ (പെൻ: 106191) — ന്, ശ്രീ. അഭിലാഷ് എസ് -നെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനു ശേഷവും

അന്യത്രസേവനത്തിൽ തുടരാൻ അനുവദിക്കുന്ന ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. ബി ശശികുമാർ -നെ, ധനകാര്യ വകുപ്പിലെ അഡ്മിനിസ്ട്രേഷൻ- എ, ബി സെക്ഷനുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

<u>**നിയമനം**</u>

1. സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷനിൽ നിന്നും അന്യത്രസേവനം അവസാനിച്ചതിനെ തുടർന്ന് ധനകാര്യ വകുപ്പിൽ തിരികെ വന്നിട്ടുള്ള ജോയിന്റ് സെക്രട്ടറി ശ്രീമതി ശ്രീലത എം (പെൻ : 173402) —നെ, ശ്രീമതി ഷീബ ബീഗം എസ് കെ പരാമർശം (6) പ്രകാരം അവധിയിൽ പ്രവേശിച്ചിരിക്കുന്ന ഒഴിവിൽ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ (കേഡർ തസ്തിക) സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

2. ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി. ശ്രീലത എൽ (പെൻ: 103845) —നെ, ഇൻഡസ്ട്രീസ് & പി ഡബ്ല്യു-എ & ബി സെക്ഷനുകളുടെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്തുകൊണ്ട് നിലവിലെ മറ്റ് ചുമതലക്ക് (ഇൻഡസ്ട്രീസ് & പി ഡബ്ല്യു-സി) പുറമെ, എസ്.എഫ്.സി - എ & ബി, പി.ആർ.സി - ബി എന്നീ സെക്ഷനുകളുടെ ചുമതല കൂടി നൽകുന്നു.

3. അണ്ടർ സെക്രട്ടറി ശ്രീമതി രശ്മി ഭാസ്കർ (പെൻ: 481054) — നെ നിലവിലെ ചുമതലകൾക്ക് (പി.ഡബ്ല്യു.സി, എഡ്യൂക്കേഷൻ- ഡി) പുറമെ അഗ്രിക്കൾച്ചർ-സി സെക്ഷന്റെ ചുമതല കൂടി നൽകുന്നു.

4 . അണ്ടർ സെക്രട്ടറി ശ്രീമതി സ്മിത കെ ജി (പെൻ: 296342) — യെ നിലവിലെ അഗ്രിക്കൾച്ചർ-സി സെക്ഷന്റെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യുന്നു. 2025-2026 സാമ്പത്തിക വർഷാവസാനമായതിനാൽ വെയ്സ് & മീൻസ് വകുപ്പിൽ ഫയലുകളുടെ എണ്ണം ക്രമാതീതമായി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ വെയ്സ് & മീൻസ് സെക്ഷന്റെ ചുമതല മാത്രം നൽകുന്നു.

5. അണ്ടർ സെക്രട്ടറി ശ്രീമതി പുണ്യ വി (പെൻ: 476935) — യെ നിലവിലെ ചുമതലകൾക്ക്

(അഡ്മിനിസ്ട്രേഷൻ-സി, ജി.ഐ.എം.സി) പുറമെ പി.യു-ബി സെക്ഷന്റെ ചുമതല കൂടി നൽകുന്നു.

6. അണ്ടർ സെക്രട്ടറി ശ്രീമതി മഞ്ജു എസ് (പെൻ: 481067) —നെ, നിലവിലെ പി.യു - ബി സെക്ഷന്റെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യുന്നു. പി.ആർ. സി- സി സെക്ഷന്റെ ചുമതല തുടരുന്നതാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ധനകാര്യ വകുപ്പ് മുഖേന)
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Noushad. S
Date: 06-03-2026 09:50:28
സെക്ഷൻ ഓഫീസർ.

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. -ന്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്. -ന്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. -യ്ക്ക്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. -യ്ക്ക്